ഉത്തരം

(എ) ആലോചിച്ചിട്ടുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുമുള്ള സ്പിരിറ്റ് കടത്തലും മറ്റും തടയുന്നതിന് വേണ്ടി ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ബോർഡർ കോൺഫറൻസ് നടത്തി മേൽ കാര്യത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി, സി) ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ പ്രത്യേകമായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്താൻ നടപടി

28 [5482] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ പ്രത്യേകമായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്താൻ ഗവൺമെന്റ് ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ പ്രത്യേക സ്റ്റാന്റിംഗ് കൗൺസിലിനെ ഏർപ്പെടുത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട എത്ര കേസ്സുകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) എക്സൈസ് ഡിപ്പാർട്ടുമെന്റ് എതിർകക്ഷിയായ 1773 ഒ. പി. കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്.

വ്യാജ സ്പിരിറ്റുമായി പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ

29 [5483] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് പിടികൂടിയ വ്യാജ സ്പിരിറ്റു കേസ്സുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly